(എ) കുട്ടികൾ കുറവുള്ള എയ്ഡഡ് സ്കൂളുകളിലെ ഭൂമി വിൽക്കുന്നതിന് വേണ്ടി മാനേജർമാർ സ്കൂൾ നിർത്തലാക്കുന്നതിന് കെ.ഇ.ആർ. പ്രകാരം നോട്ടീസ് നൽകുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) കൊണ്ടോട്ടി ഉപവിദ്യാഭ്യാസ ജില്ലയിലെ മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ, ഒളവട്ടൂർ നിർത്തലാക്കുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കെ.ഇ.ആർ. Under section 7(6) പ്രകാരം നോട്ടീസ് നൽകിയതും അതിന്മേൽ ഹൈക്കോടതിയുടെ അനുകൂല വിധി വന്നതും ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) ഇതിനെതിരെ സുപ്രീംകോടതിയെ സമീപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) സ്കൂൾ ഭൂമി വിറ്റ് ലാഭം നേടുന്നതിനുവേണ്ടി സ്കൂളുകൾ ഇല്ലാതാക്കി ഇവിടുത്തെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സംരക്ഷണം സർക്കാരിന്റെ ചുമതലയാക്കി മാറ്റുന്ന സാഹചര്യം മറികടക്കാൻ നിയമനിർമ്മാണം നടത്തുന്നതിനും കേരള വിദ്യാഭ്യാസ നിയമം, 1959 (Act 6 of 1959)-ന്റെ 7(6) വകുപ്പ് ഭേദഗതി ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി&ഡി) ബഹുമാനപ്പെട്ട ഹൈക്കോടതി ഡബ്ല്യു.എ. 653/2011 നമ്പർ കേസിൽ പുറപ്പെടുവിച്ച വിധിയുടെ പകർപ്പ് സർക്കാരിന് ലഭിച്ചിട്ടില്ല. വിധിയുടെ പകർപ്പ് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## പൊതു വിദ്യാഭ്യാസ വകുപ്പിന് വിവിധ പദ്ധതികൾക്കായി കേന്ദ്ര ഫണ്ട്

**29(2936)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി പൊതു വിദ്യാഭ്യാസ വകുപ്പിന് വിവിധ പദ്ധതികൾക്കായി അനുവദിച്ച കേന്ദ്ര ഫണ്ട് എത്രയാണെന്ന് അറിയിക്കാമോ ; ഓരോ പദ്ധതിക്കും എന്ത് തുക വീതമാണ് അനുവദിച്ചതെന്ന് വെളിപ്പെടുത്താമോ ;

(ബി) അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ ലാപ്സായ തുക എത്ര ; ഇതിനുള്ള കാരണം എന്ത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫണ്ട് ചെലവഴിക്കുന്നതിൽ കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; വിശദാംശം നൽകാമോ ;

(ഡി) ഏതെങ്കിലും ഫണ്ട് വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ലാബ് അസിസ്റ്റന്റുമാർ**

**30(2937)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ ആകെ എത്ര ലാബ് അസിസ്റ്റന്റുമാരാണ് ജോലി ചെയ്ത് വരുന്നതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) അതിൽ എത്ര ലാബ് അസിസ്റ്റന്റുമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തുവെന്നും ഇനിയും എത്രപേരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുണ്ടെന്നും ഉള്ള ജില്ല തിരിച്ച കണക്കുകൾ വിശദമാക്കാമോ ;

(സി) പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ഡി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് എന്തെങ്കിലും ടെസ്റ്റുകൾ നടത്താറുണ്ടോ ; അവസാനമായി എന്നാണ് പ്രസ്തുത ടെസ്റ്റുകൾ നടന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ ആകെ 886 ലാബ് അസിസ്റ്റന്റുമാരാണ് ജോലി ചെയ്തുവരുന്നത്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) മേൽപ്പറഞ്ഞവരിൽ 378 ലാബ് അസിസ്റ്റന്റുമാർ പ്രൊബേഷൻ ഡിക്ലയർ ചെയ്തുവരും 508 പേർ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ളവരുമാണ്. ഇവ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly